യുഎസ് സ്കൂളിൽ വെടിവയ്പ്; കുട്ടികളടക്കം 5 മരണം

വാഷിങ്ടൺ

അമേരിക്കയിലെ ഒറിഗൺ ബെൻഡിലെ സ്കൂളിൽ തോക്കുധാരി മൂന്ന് വിദ്യാർഥികളെയും അധ്യാപികയെയും വെടിവച്ചുകൊന്നു. അക്രമി സ്വയം വെടിവച്ചുമരിച്ചു. വെള്ളി പകലാണ് സംഭവം. സ്കൂളിന് പുറത്തുള്ള കാറിന് നേരെയാണ് ആദ്യം വെടിവയ്പുണ്ടായത്. തുടർന്ന് സ്കൂളിനുള്ളിലേക്ക് കടന്ന അക്രമി കുട്ടികൾക്കും അധ്യാപകർക്കും നേരെ വെടിവയ്ക്കുകയായിരുന്നു. സ്കൂളിൽ അഞ്ഞൂറോളം കുട്ടികളാണ് പഠിക്കുന്നത്.

ആംബുലൻസുകൾ ഒടുവിൽ നിരത്തിലിറക്കി

തിരുവനന്തപുരം

എൽഡിഎഫ് സർക്കാരിന്റെ കാലത്ത് 108 പദ്ധതിയിലേക്ക് വാങ്ങി യുഡിഎഫ് സർക്കാർ ഉപയോഗിക്കാതെ കൂട്ടിയിട്ട 335 ആംബുലൻസുകൾ ഒടുവിൽ നിരത്തിലിറങ്ങി. മന്ത്രി കെ മുരളീധരൻ ഫ്ലാഗ്ഓഫ് ചെയ്തു. മന്ത്രി സി പി ജോൺ, ആര്യാടൻ ഷൗക്കത്ത് എംഎൽഎ, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ്, ഡോ. വി മീനാക്ഷി, ഡോ. രേണുരാജ്, ഡോ. കെ വി വിശ്വനാഥൻ എന്നിവർ സംസാരിച്ചു.

താഹിർ ഹുസൈന് രണ്ടുവർഷം തടവ്

ന്യൂഡൽഹി

ഡൽഹി കലാപത്തിന് പ്രേരണ നൽകിയെന്ന കുറ്റത്തിന് ആം ആദ്മി പാർടിയുടെ മുൻ കൗൺസിലർ താഹിർ ഹുസൈനെ രണ്ടുവർഷം കഠിനതടവിന് ശിക്ഷിച്ച് വിചാരണക്കോടതി. 10,000 രൂപ പിഴയും ഒടുക്കണമെന്ന് കർകർഡൂമ കോടതി അഡീഷണൽ സെഷൻസ് ജഡ്ജി പ്രവീൺ സിങ് ഉത്തരവിട്ടു.

വീട് കലാപകാരികൾക്ക് ഉപയോഗിക്കാൻ വിട്ടുനൽകിയെന്നും നേരിട്ട് പങ്കെടുത്തില്ലെങ്കിലും പ്രേരണ ഹുസൈന്റേതായിരുന്നുവെന്നും ഉത്തരവിൽ പറഞ്ഞു. കലാപം നടക്കുമ്പോൾ കിഴക്കൻ ഡൽഹിയിലെ നെഹ്റു വിഹാറിലെ 59ാം വാർഡ് കൗൺസിലറായിരുന്നു ഹുസൈൻ. ഐബി ഉദ്യോഗസ്ഥൻ അങ്കിത് ശർമ കൊല്ലപ്പെട്ട കേസിൽ ഇതേ കോടതി ഹുസൈന് ജീവപര്യന്തം തടവും വിധിച്ചിരുന്നു.

മോദി ഡിസംബറിൽ കാനഡയിലേക്ക്

ന്യൂഡൽഹി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഡിസംബർ 11, 12 തീയതികളിൽ കാനഡ സന്ദർശിക്കും. കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി മോദി അടുത്തിടെ നടത്തിയ ഫോൺസംഭാഷണത്തിൽ ഇരുരാജ്യങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ധാരണയായതായും ഹൈകമീഷൻ അറിയിച്ചു. വ്യാപാരം, ഊർജം, സാങ്കേതികവിദ്യ, സുരക്ഷ തുടങ്ങിയ മേഖലകളിൽ സഹകരണം വിപുലമാക്കാനാണ് ധാരണ.

ഡിസംബർ 13 മുതൽ 15 വരെ അമേരിക്കയിൽ നടക്കുന്ന ജി20 ഉച്ചകോടിയിൽ മോദി പങ്കെടുക്കും. ഡിസംബർ 16, 17 തീയതികളിൽ ബെൽജിയം സന്ദർശിക്കുന്ന മോദി യൂറോപ്യൻ യൂണിയനുമായുള്ള സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവയ്ക്കും.

മരുന്നുനിർമാണത്തിന് ഇന്ത്യ-ജർമനി കരാർ

ബെർലിൻ

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും രക്തരോഗങ്ങളുടെ ചികിത്സയുമുള്ള മരുന്നുകൾ നിർമിക്കുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി ഇന്ത്യൻ, ജർമൻ കമ്പനികൾ തമ്മിൽ കരാറിലെത്തി. സാങ്കേതികവിദ്യ ഇന്ത്യക്ക് കൈമാറുമെന്നും കരാറിൽ വ്യവസ്ഥയുണ്ട്. മനുഷ്യരിൽ അവയവം മാറ്റിവയ്ക്കുമ്പോഴും ചില പ്രത്യേക രക്തരോഗങ്ങളുടെ ചികിത്സയിലും അത്യന്താപേക്ഷിതമായ ആന്റി–തൈമോസൈറ്റ് ഗ്ലോബുലിൻ ഉൾപ്പെടെയുള്ള ഇമ്യൂണോ ഗ്ലോബുലിൻ ഉൽപന്നങ്ങളുടെ നിർമാണമാണ് പ്രധാനം.

പ്രമീളാ ജയ്പാലിനെതിരെ വിദേശ മന്ത്രാലയം

ന്യൂഡൽഹി

ഇന്ത്യയിലെ വോട്ടർപട്ടികയിൽ നിന്നും 13 കോടി പേരെ ഒഴിവാക്കിയത് ദുരൂഹവും ആശങ്കാജനകവുമാണെന്ന യുഎസ് കോൺഗ്രസ് അംഗം പ്രമീളാ ജയ്പാലിന്റെ വിമർശനത്തിനെതിരെ വിദേശ മന്ത്രാലയം.

പ്രമീളയുടെ വിമർശനം മറ്റൊരു ജനാധിപത്യ രാജ്യത്തിന്റെ തെരഞ്ഞെടുപ്പ് നടപടികളിലുള്ള കടന്നുകയറ്റമാണെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അമേരിക്കയിലെ ഇന്ത്യൻ സ്ഥാനപതി വിനയ് മോഹൻ ക്വാത്രയും പ്രമീളാ ജയ്പാലിനെ വിമർശിച്ചിരുന്നു.

ആറുപേർക്ക് പുതുജീവനേകി ത്രേസ്യാമ്മ

ഹൃദയം തൃത്താല സ്വദേശിയിൽ തുടിക്കും

കൊച്ചി

ആറുപേർക്ക് പുതുജീവിതം പകർന്ന് കൊട്ടാരക്കര സ്വദേശിനി ത്രേസ്യാമ്മ വർഗീസ് (57) യാത്രയായി. മസ്തിഷ്കമരണം സംഭവിച്ച ത്രേസ്യാമ്മയുടെ ഹൃദയം, രണ്ട് വൃക്ക, കരൾ, രണ്ട് നേത്രപടലം എന്നിവ കുടുംബാംഗങ്ങൾ ദാനംചെയ്തു. കൊട്ടാരക്കര ഓടനാവട്ടം ജിജിൻ ജെ കോട്ടേജിൽ ത്രേസ്യാമ്മ വർഗീസ് ഓടനാവട്ടത്ത് ഫാർമസിസ്റ്റായിരുന്നു.

ഹൃദയം എറണാകുളം അമൃത ആശുപത്രിയിൽ ചികിത്സയിലുള്ള തൃത്താല സ്വദേശിയായ 64കാരനിൽ വിജയകരമായി വച്ചുപിടിപ്പിച്ചു. ഒരു വൃക്ക കോട്ടയം ഗവ. മെഡിക്കൽ



ത്രേസ്യാമ്മ വർഗീസ്

കോളേജ് ആശുപത്രിയിലെ രോഗിക്കും മറ്റൊരു വൃക്കയും കരളും രണ്ട് നേത്രപടലവും അമൃത ആശുപത്രിയിലെ രോഗികൾക്കുമാണ് നൽകിയത്.

കെ സോട്ടോയുടെ നേതൃത്വത്തിൽ അവയവദാന നടപടികൾ 15ന് പൂർത്തിയായി. ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയായതായും രോഗികൾ സുഖം പ്രാപിക്കുന്നതായും ആശുപത്രി അധികൃതർ അറിയിച്ചു.

തലവേദനയെത്തുടർന്ന് 11നാണ് ത്രേസ്യാമ്മയെ അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തലച്ചോറിലുണ്ടായ രക്തസ്രാവത്തെ തുടർന്ന് നില ഗുരുതരമായി. 15ന് മസ്തിഷ്കമരണം സ്ഥിരീകരിച്ചു. മരണാനന്തരം അവയവങ്ങൾ ദാനംചെയ്യണമെന്നത് ത്രേസ്യാമ്മയുടെ ആഗ്രഹമായിരുന്നു. ഭർത്താവ്: വർഗീസ് ജോർജ് (ദുബായ്). മക്കൾ: ജിജോ വർഗീസ്, ജിജിൻ വർഗീസ്. സംസ്കാരം ശനിയാഴ്ച നടക്കും.

■ അപകടം മൈസൂരു പെരിയപട്ടണയിൽ

ബസും ലോറിയും കൂട്ടിയിടിച്ച് 3 മലയാളികളടക്കം 4 പേർ മരിച്ചു

കോഴിക്കോട്

മൈസൂരു പെരിയ പട്ടണത്ത് സ്വകാര്യബസും ലോറിയും കൂട്ടിയിടിച്ച് മൂന്ന് മലയാളികളടക്കം നാലുപേർക്ക് ദാരുണാന്ത്യം. കോഴിക്കോട് ബേപ്പൂർ അരക്കിണർ അഫ്താബ് മൻസിലിൽ അഫ്താബ് (22), മാങ്കാവ് കുറ്റിയിൽത്താഴം ഉള്ളാട്ടിൽ പറമ്പിൽ സജേഷ് (33), മലപ്പുറം പൂക്കോട്ടുംപാടം കവളമുക്കട്ട മേലെപീടിക കുന്നിക്കാടൻ ശിബിൽ (32), ബസ് ഡ്രൈവർ മൈസൂരു സ്വദേശി സുനിൽ എന്നിവരാണ് മരിച്ചത്.

ബംഗളൂരുവിൽനിന്ന് കോഴിക്കോട്ടേയ്ക്ക് വരികയായിരുന്ന 'കാവേരി' എസി സ്ലീപ്പർ ബസ് പെരിയ



ശിബിൽ



അഫ്താബ്



സജേഷ്

പട്ടണയ്ക്ക് സമീപമാണ് ലോറിയുമായി കൂട്ടിയിടിച്ചത്. വെള്ളി പുലർച്ചെ 3.45നായിരുന്നു അപകടം. റോഡിൽ മരം വീണതാണ് അപകടത്തിന് കാരണമായത്. മരം കിടക്കുന്നത് കണ്ട് ലോറി വലതുവശത്തേക്ക് മാറിയപ്പോൾ എതിർദിശയിൽ വന്ന ബസുമായി കൂട്ടിയിടിക്കുകയായിരുന്നു. നിരവധി യാത്രക്കാർക്ക് പരിക്കേറ്റു. 14 പേർ ചികിത്സയിലാണ്. 36 പേരാണ് ബസിലുണ്ടായിരുന്നത്.

മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് കൈമാറി. അഫ്താബിന്റെ മൃതദേഹം ഖബറടക്കി. കഴിഞ്ഞ വർഷം വാഴൂർ സാഫി കോളേജിൽ ബിഎസ്സി ബയോടെക്നോളജി കോഴ്സ് പൂർത്തിയാക്കിയ അഫ്താബ് ഒരാഴ്ച മുമ്പാണ് പുതിയ കോഴ്സിന് ചേരാനായി ബംഗളൂരുവിൽ എത്തിയത്. നാട്ടിലേക്ക് മടങ്ങുന്നതിനിടെയാണ് അപകടം. ബാപ്പ: ഇഷാം. ഉമ്മ: ഷെമി. സഹോദരൻ: മുഹാദ് (മലബാർ ഗോൾഡ്, മധുര).

ബസിലെ ക്ലീനറായിരുന്നു സജേഷ്. അച്ഛൻ: ശിവൻ. അമ്മ: ശ്യാമള. സംസ്കാരം ശനി പകൽ 11ന് മാവൂർ റോഡ് ശ്മശാനത്തിൽ. മൈസൂരുവിൽ ഗവേഷക വിദ്യാർഥിയാണ് ശിബിൽ. വയനാട് ഡോക്ടറായ ഭാര്യ നഹ്ജയുടെ അടുത്തേക്കുള്ള യാത്രയ്ക്കിടെയായിരുന്നു അപകടം. ബാപ്പ: ആദം. ഉമ്മ: റംലത്ത്. മകൻ: അബ്ലേജ്.

കിഫ്ബിയെ തകർക്കൽ

കിഫ്ബിയിലൂടെ കേരളം കൈവരിച്ച നേട്ടങ്ങൾ മറയ്ക്കാനാകില്ല: എം വി ഗോവിന്ദൻ

കൊട്ടാരക്കര

കിഫ്ബിയിലൂടെ കേരളം വികസനരംഗത്ത് കൈവരിച്ച നേട്ടങ്ങളെ അസംബന്ധ കണക്കുകൾ നിരത്തി മറയ്ക്കാനാകില്ലെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സിപിഐ എം കൊല്ലം വിപുലീകൃത ജില്ലാ കമ്മിറ്റി യോഗം സ. കോടിയേരി ബാലകൃഷ്ണൻ നഗറിൽ (കൊട്ടാരക്കര മാർത്തോമ ജൂബിലി മന്ദിരം) ഉദ്ഘാടനംചെയ്യുകയായിരുന്നു എം വി ഗോവിന്ദൻ.

ഇന്ത്യയ്ക്ക് മാതൃകയാകുംവിധം ഒരുലക്ഷം കോടി രൂപയുടെ വികസന പദ്ധതികൾ കൈകാര്യംചെയ്യാൻ പ്രാപ്തി നേടിയ പ്രസ്ഥാനമാണ് കിഫ്ബി. കേന്ദ്ര ബജറ്റ് വിഹിതംകൊണ്ടുമാത്രം കേരളത്തിൽ ഒന്നും ചെയ്യാനാകില്ല. ശ്രദ്ധേയമായ നിരവധി വികസന പദ്ധതികൾക്ക് ഫണ്ട് ഉറപ്പാക്കിയത് കിഫ്ബിയിലൂടെയാണ്. അതുവഴി നാടിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ വലിയ മുന്നേറ്റമുണ്ടായി. യുഡിഎഫ് സർക്കാരിന്റെ ഇപ്പോഴത്തെ നീക്കം കിഫ്ബിയെ ഇല്ലാതാക്കാനാണ്. ഇത് കേരളത്തിന്റെ ഭാവി വികസനത്തെ തകർക്കും.

രാജ്യത്ത് ആരൊക്കെ വോട്ടുചെയ്യണമെന്ന് തെരഞ്ഞെടുപ്പ് കമീഷൻ തീരുമാനിക്കുന്ന അവസ്ഥയാണ്. എസ്ഐആറിന്റെ പേരിൽ 13കോടി പൗരന്മാരുടെ വോട്ടവകാശമാണ് ഇല്ലാതാക്കിയത്. ഇതിനെതിരായ പോരാട്ടമാണ് ഇപ്പോൾ രാജ്യത്താകെ ശക്തമായിരിക്കുന്നത്. ആ പോരാട്ടം വിജയിക്കും. ഇന്ത്യയുടെ ഭാവി നിർണയിക്കുന്നത് ആയുധങ്ങളല്ല, ജനങ്ങളാണ്. സാഹസികമായ സഹനസമരമാണ് വിദ്യാർഥികളും യുവാക്കളും നടത്തുന്നത്. പൊതുസമൂഹം സമരത്തിന് ഒപ്പമാണ്. വിദ്യാർഥികളും യുവാക്കളും നയിക്കുന്ന ആവേശകരമായ പോരാട്ടം രാജ്യത്തിന്റെ ഭാവിയെക്കുറിച്ച് വലിയ പ്രതീക്ഷയാണ് നൽകുന്നതെന്നും എം വി ഗോവിന്ദൻ പറഞ്ഞു.

കേരളത്തിന്റെ ഭാവി വികസനം തടയുന്നു: കെ എൻ ബാലഗോപാൽ

കൊട്ടാരക്കര

കിഫ്ബിയെ ഇല്ലാതാക്കുന്നതിലൂടെ യുഡിഎഫ് സർക്കാർ കേരളത്തിന്റെ ഭാവിവികസനം തടയുകയാണെന്ന് മുൻ മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. കിഫ്ബി ഫണ്ടിൽ നടപ്പാക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകുമെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കിയിട്ടില്ല. ഒന്നുകിൽ എല്ലാം സ്വകാര്യവൽക്കരിക്കുക അല്ലെങ്കിൽ നശിപ്പിക്കുക എന്നതാണോ സർക്കാർ നിലപാടെന്ന് സംശയിക്കുന്നതായി ബാലഗോപാൽ കൊട്ടാരക്കരയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

എല്ലാ നിയമസംരക്ഷണവും ആസ്തിയും കിഫ്ബിക്കുണ്ട്. ഒരു ലക്ഷത്തിൽപരം കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി വഴി പ്രഖ്യാപിച്ചത്. ദേശീയപാത, ആശുപത്രികൾ, സ്കൂളുകൾ എന്നിവയുടെ വികസനത്തിന് പ്രധാനപങ്ക് വഹിച്ചത് കിഫ്ബിയാണ്. എന്നിട്ടും കിഫ്ബിയെ ഇല്ലാതാക്കുന്നതിന് പിന്നിൽ രാഷ്ട്രീയവിരോധം മാത്രമാണ്. കേരളത്തിന്റെ വികസനം തകർത്തല്ല വിരോധം തീർക്കേണ്ടത്. രാഷ്ട്രീയനേട്ടത്തിന് കിഫ്ബിയെ ഉപയോഗിക്കരുത്.

കിഫ്ബി മാതൃക ആശ്രയിക്കേണ്ടിവന്നതിന്റെ രാഷ്ട്രീയ സാഹചര്യം മുഖ്യമന്ത്രി വി ഡി സതീശൻ മറക്കുകയാണ്. അർഹമായ വിഹിതംപോലും തടഞ്ഞുവച്ച് കേന്ദ്രസർക്കാർ കേരളത്തിൽ വൻ പ്രതിസന്ധി സൃഷ്ടിച്ച ഘട്ടത്തിൽ വികസനം മുടങ്ങാതിരിക്കാനാണ് പ്രതിപക്ഷ നേതാവായിരുന്ന വി ഡി സതീശന്റെ കൂടി അറിവോടെ കിഫ്ബിക്ക് രൂപംനൽകിയത്. ആ രാഷ്ട്രീയസാഹചര്യം മറക്കുന്നത് കേന്ദ്രസർക്കാരിനോടുള്ള വിധേയത്വമാണ്– കെ എൻ ബാലഗോപാൽ പറഞ്ഞു.

ആനയുടെ ഉടമസ്ഥാവകാശ തർക്കം: കേസ് റദ്ദാക്കി

കൊച്ചി

അദ്വൈതാനന്ദമയി മഠത്തിലെ ആനയെ തിരികെ നൽകിയില്ലെന്ന പരാതിയുമായി ബന്ധപ്പെട്ട് തൃശൂർ സ്വദേശിക്കെതിരെ കരുനാഗപ്പള്ളി പൊലീസ് രജിസ്റ്റർ ചെയ്ത എഫ്ഐആറും തുടർനടപടികളും ഹൈക്കോടതി റദ്ദാക്കി. മഠത്തിലെ 'രാമൻ' എന്ന വളർത്താനയെ തിരികെ നൽകിയില്ലെന്ന മഠത്തിലെ അന്തേവാസിയായ ആലപ്പുഴ സ്വദേശി ജയകൃഷ്ണമേനോന്റെ പരാതിയിൽ വിശ്വാസവഞ്ചനയടക്കമുള്ള വകുപ്പുകൾ ചേർത്ത് തൃശൂർ ആമ്പല്ലൂർ സ്വദേശിയായ കൃഷ്ണൻകുട്ടിക്കെതിരെ എടുത്ത കേസാണ് ജസ്റ്റിസ് എ ബദറുദീൻ റദ്ദാക്കിയത്.

1998ൽ കെ വി സദാനന്ദൻ എന്ന വ്യക്തിയാണ് ആനയെ മഠത്തിലേക്ക് നൽകിയത്. പിന്നീട് മദപ്പാടുണ്ടായതോടെ സദാനന്ദന് തന്നെ തിരികെ നൽകി. സദാനന്ദൻ ആനയെ സംരക്ഷിക്കാൻ കൃഷ്ണൻകുട്ടിക്ക് നൽകി. ഇതിനിടയിലാണ് ആനയെ മഠത്തിന് തിരികെ നൽകിയില്ലെന്ന പരാതിയും കേസുമുണ്ടാകുന്നത്. ഉടമസ്ഥതയുടെ കാര്യത്തിൽ സിവിൽ കോടതിയിലുള്ള കേസിൽ തീരുമാനമാകാത്തതിനാൽ ക്രിമിനൽ കേസ് നിലനിൽക്കില്ലെന്നും കേസ് രജിസ്റ്റർ ചെയ്യാൻ പ്രാഥമിക വസ്തുതകളില്ലെന്നും വിലയിരുത്തിയാണ് റദ്ദാക്കിയത്.

■ പോക്സോ കേസുകൾ

പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കണം: ഹൈക്കോടതി

കൊച്ചി

പോക്സോ കേസുകളിൽ ഹാജരാകാൻ മാത്രമായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കണമെന്ന് ഹൈക്കോടതി. മറ്റ് കേസുകളുടെ ചുമതല ഇവർക്ക് നൽകരുത്. മറ്റ് ചുമതലകൾകൂടി നൽകി പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ നിലനിൽക്കില്ല. പോക്സോ കേസുകൾ കൈകാര്യം ചെയ്യാൻ മാത്രമായി ആറാഴ്ചക്കകം പ്രത്യേക പ്രോസിക്യൂട്ടർമാരെ നിയമിക്കണമെന്നും ചീഫ് ജസ്റ്റിസ് ഷൗമെൻ സെൻ, ജസ്റ്റിസ് വി എം ശ്യാംകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻബെഞ്ച് സർക്കാരിനോട് നിർദേശിച്ചു.

പോക്സോ കേസ് പ്രോസിക്യൂട്ടർമാർക്ക് ബാലനീതി നിയമപ്രകാരമുള്ള കേസുകളുടെയടക്കം അധിക ചുമതല നൽകി 2025ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ചോദ്യം ചെയ്ത് തൊടുപുഴ മുട്ടം ജില്ലാ കോടതി ബാർ അസോസിയേഷനും സെക്രട്ടറി ഷാജി ജോസഫും നൽകിയ പൊതുതാൽപ്പര്യ ഹർജിയാണ് കോടതി പരിഗണിച്ചത്.

പോക്സോ കോടതികളിൽ കുട്ടികളുടെ മനഃശാസ്ത്രം അറിഞ്ഞ് പെരുമാറാൻ പ്രത്യേക പരിശീലനം ലഭിച്ച പ്രോസിക്യൂട്ടർമാരുടെ സേവനം അനിവാര്യമാണെന്ന സുപ്രീം കോടതി ഉത്തരവിന് വിരുദ്ധമാണ് സർക്കാർ ഉത്തരവെന്ന് കോടതി ചൂണ്ടിക്കാട്ടി. എറണാകുളം ഒഴികെ ശേഷിക്കുന്ന 13 ജില്ലകളിലും സ്ഥിരം പോക്സോ കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്നും നിലവിലെ കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സാമ്പത്തിക സഹായം സർക്കാർ നൽകണമെന്നും കോടതി നിർദേശിച്ചു.

നവം. 3 മുതൽ സ്വകാര്യ ബസ് സമരം

കൊച്ചി

മിനിമം ചാർജ് വർധന ഉൾപ്പെടെ ആവശ്യങ്ങളുന്നയിച്ച് സംസ്ഥാനത്ത് നവംബർ മൂന്നുമുതൽ അനിശ്ചിതകാല സ്വകാര്യ ബസ്സമരം. സ്വകാര്യ ബസ് ഓപ്പറേറ്റർമാരുടെ അഞ്ച് സംഘടനകളുടെ സംയുക്തസമിതി യോഗത്തിലാണ് തീരുമാനം. കുറഞ്ഞ യാത്രാനിരക്ക് 15 രൂപയും വിദ്യാർഥികളുടേത് അഞ്ച് രൂപയുമാക്കണമെന്നതാണ് പ്രധാന ആവശ്യം.

കെഎസ്ആർടിസി സൗജന്യ സർവീസുകൾ സ്വകാര്യ ബസ്മേഖലയ്ക്ക് തിരിച്ചടിയായെന്ന് വാർത്താസമ്മേളനത്തിൽ സംഘടനാ ഭാരവാഹികൾ പറഞ്ഞു.

2022ൽ നിശ്ചയിച്ച പഴയനിരക്കാണ് ഇപ്പോഴുമുള്ളത്. 2011നു ശേഷം വിദ്യാർഥികളുടെ നിരക്ക് പുതുക്കിയിട്ടില്ല. കെഎസ്ആർടിസി സൗജന്യയാത്രാപദ്ധതി വന്നതോടെ സ്വകാര്യബസുകളിലെ വരുമാനം കുത്തനെ ഇടിഞ്ഞു. 800 കോടിയുടെ നഷ്ടമാണുണ്ടായത്. സർവീസുകൾ പലതും അവസാനിപ്പിച്ചു. സ്വകാര്യ ബസുകളിലും സ്ത്രീസൗജന്യയാത്ര നടപ്പാക്കുക, ഡീസൽവിലയിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതി സ്വകാര്യബസുകൾക്ക് ഒഴിവാക്കുക, ഓട്ടോമാറ്റിക് ടെസ്റ്റിങ് സ്റ്റേഷൻ നിർത്തലാക്കുക, സ്വകാര്യ ബസ്റൂട്ടുകളിൽ ഗ്രാമവണ്ടികൾ ഒഴിവാക്കുക, സ്വകാര്യ ബസ്മേഖലയെ വ്യവസായമായി പ്രഖ്യാപിക്കുക തുടങ്ങിയവയാണ് മറ്റാവശ്യങ്ങൾ. ഇത് ഉന്നയിച്ച് സംയുക്ത സംഘടനകളുടെ നേതൃത്വത്തിൽ 29ന് സെക്രട്ടറിയറ്റ് മാർച്ച് നടത്തുമെന്നും ഭാരവാഹികൾ പറഞ്ഞു.

ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ, കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻ, ഓൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഫോറം, കേരള ബസ് ഓപ്പറേറ്റേഴ്സ് കോ–ഓർഡിനേഷൻ കമ്മിറ്റി, കേരള പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ എന്നിവയാണ് സംയുക്ത സമിതിയിലുള്ളത്. ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ ഇതിന്റെ ഭാഗമായിട്ടില്ല. ചാർജ് വർധനയടക്കം ആവശ്യപ്പെട്ട് 27 മുതൽ അനിശ്ചിതകാല നിരാഹാരവും നവംബർ ഒന്നുമുതൽ സർവീസ് നിർത്തിവച്ച് സമരവും ഫെഡറേഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

സ്വകാര്യ ബസ് പ്രതിസന്ധി പഠിക്കാൻ സമിതി

തിരുവനന്തപുരം

സൗജന്യയാത്രാപദ്ധതിയെ തുടർന്ന് സ്വകാര്യ ബസ് മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നാലംഗ സമിതിയെ ചുമതലപ്പെടുത്തി. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി (എസ്ടിഎ) അംഗം കെ സുരേഷ് ബാബു ചെയർമാനായ സമിതിയിൽ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമീഷണർ സി വി എം ഷെരീഫ് കൺവീനറും കെഎസ്ആർടിസി എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) ജി പി പ്രദീപ് കുമാർ, നാറ്റ്പാക് ടെക്നിക്കൽ ഓഫീസർ ആർ ജെ സഞ്ജയ് എന്നിവർ അംഗങ്ങളുമാണ്.

കെഎസ്ആർടിസി ജീവനക്കാരുടെ ധർണ 24ന്

തിരുവനന്തപുരം

ഡിഎ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 24ന് എല്ലാ യൂണിറ്റിലും കെഎസ്ആർടിഇഎ (സിഐടിയു) ധർണ സംഘടിപ്പിക്കും. പ്രിയദർശിനി ബസുകളിലെ ജീവനക്കാരുടെ ഇൻസെന്റീവ് ബാറ്റ വർധിപ്പിക്കുക, എൻഡിആർ, എൻപിഎസ് കുടിശ്ശിക അടച്ചുതീർക്കുക, രാഷ്ട്രീയപ്രേരിത സ്ഥലംമാറ്റങ്ങളും പ്രതികാര നടപടികളും അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളും ധർണയിൽ ഉന്നയിക്കാൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. പ്രസിഡന്റ് ടി പി രാമകൃഷ്ണൻ അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഹണി ബാലചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു.

ഭൂമി കൈയേറ്റം തടയാൻ കർശന നടപടിയെടുക്കണം: ഹൈക്കോടതി

കൊച്ചി

മൂന്നാറിലേതടക്കം സംസ്ഥാനത്തെ ഭൂമി കൈയേറ്റങ്ങൾ തടയാൻ കർശന നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ഹൈക്കോടതി. നിലവിലുള്ളതും വരാനിരിക്കുന്നതും മാത്രമല്ല, മുമ്പുണ്ടായ കൈയേറ്റങ്ങളുടെ കാര്യത്തിലും നടപടി വേണം. ഇക്കാര്യങ്ങളിൽ വീഴ്ചയുണ്ടായാൽ കർശനമായ നടപടിയുണ്ടാകുമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് മുന്നറിയിപ്പ് നൽകി. ഇടുക്കിയിലെ കൈയേറ്റങ്ങൾക്കെതിരെ നൽകിയ വിവിധ ഹർജികൾ പരിഗണിക്കുന്നതിനിടെയാണ് ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ഏലപ്പാട്ടം പുതുക്കുന്നതടക്കമുള്ള വിഷയങ്ങളിൽ ഉയർന്ന ആരോപണങ്ങൾ വിശദമായി പരിശോധിക്കുമെന്ന് അഡീഷണൽ അഡ്വക്കറ്റ് ജനറൽ കോടതിയെ അറിയിച്ചു. ഡിജിറ്റൽ സർവേയ്ക്കൊപ്പം പട്ടയങ്ങളുടെ പരിശോധനയും പ്രത്യേക അന്വേഷകസംഘം നടത്തും. എന്നാൽ ഡിജിറ്റൽ സർവേയുടെയടക്കം വിവരങ്ങൾ ലഭിക്കുന്നില്ലെന്ന് അമിക്കസ് ക്യൂറി കോടതിയെ അറിയിച്ചു. ഇത് ലഭ്യമാക്കാമെന്ന് സർക്കാരും അറിയിച്ചു.

■ സിപിഐ എം കാസർകോട് വിപുലീകൃത ജില്ലാ കമ്മിറ്റി സമാപിച്ചു

പുതിയ കാലത്തേക്ക് കുതിക്കാൻ കരുത്തോടെ

സ്വന്തം ലേഖകൻ

കാസർകോട്

പതിനായിരങ്ങൾ പങ്കെടുത്ത റാലിയോടെ സിപിഐ എം കാസർകോട് വിപുലീകൃത ജില്ലാ കമ്മിറ്റി യോഗത്തിന് സമാപനം. ചർച്ചയ്ക്ക് പൊളിറ്റ്ബ്യൂറോ അംഗം എ വിജയരാഘവനും ജില്ലാ സെക്രട്ടറി എം രാജഗോപാലനും മറുപടി പറഞ്ഞു.

കേന്ദ്ര കമ്മിറ്റി അംഗങ്ങളായ ഡോ. ടി എം തോമസ് ഐസക്, പി രാജീവ്, പി സതീദേവി, സംസ്ഥാന സെക്രട്ടറിയറ്റ് അംഗങ്ങളായ പി കെ ബിജു, എം വി ജയരാജൻ, വി എൻ വാസവൻ, പി ജയരാജൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ജില്ലാ കമ്മിറ്റിയിലേക്ക് പ്രത്യേക ക്ഷണിതാക്കളായി സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി പി മണിമോഹൻ, മഹിളാ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ടി കെ ചന്ദ്രമ്മ, ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറി എം വി രതീഷ്, എസ്എഫ്ഐ മുൻ കേന്ദ്രകമ്മിറ്റി അംഗം കെ സബീഷ്, ബേഡകം ഏരിയാ സെക്രട്ടറി സി രാമചന്ദ്രൻ, തൃക്കരിപ്പൂർ ഏരിയ സെക്രട്ടറി പി കുഞ്ഞിക്കണ്ണൻ എന്നിവരെ തെരഞ്ഞെടുത്തു.

കാൽലക്ഷത്തിലേറെ പേർ പങ്കെടുത്ത റാലി എ വിജയരാഘവൻ ഉദ്ഘാടനംചെയ്തു. എം രാജഗോപാലൻ അധ്യക്ഷനായി. ഡോ. ടി എം തോമസ് ഐസക്, പി ജയരാജൻ, പി കെ ബിജു എന്നിവർ സംസാരിച്ചു. എം വി ജയരാജൻ, സംസ്ഥാന കമ്മിറ്റിയംഗം കെ പി സതീഷ്ചന്ദ്രൻ, മുതിർന്ന നേതാവ് പി കരുണാകരൻ എന്നിവർ പങ്കെടുത്തു. സി എച്ച് കുഞ്ഞമ്പു സ്വാഗതം പറഞ്ഞു.

സിപിഐ എം കൊല്ലം വിപുലീകൃത ജില്ലാ കമ്മിറ്റിക്ക് തുടക്കം

കൊട്ടാരക്കര

മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കാനുള്ള പുതിയ പോരാട്ടങ്ങൾക്ക് കരുത്ത് പകരാൻ സിപിഐ എം കൊല്ലം വിപുലീകൃത ജില്ലാകമ്മിറ്റിക്ക് തുടക്കം. കൊട്ടാരക്കര കോടിയേരി ബാലകൃഷ്ണൻ നഗറിൽ (മാർത്തോമ ജൂബിലി മന്ദിരം) സംസ്ഥാന കമ്മിറ്റിഅംഗം കെ രാജഗോപാൽ പതാക ഉയർത്തി. രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. യോഗം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനംചെയ്തു. സംസ്ഥാന കമ്മിറ്റി അംഗം എസ് ജയമോഹൻ താൽക്കാലിക അധ്യക്ഷനായി.

ജില്ലാ സെക്രട്ടറിയറ്റ് അംഗങ്ങളായ ജോർജ് മാത്യു രക്തസാക്ഷി പ്രമേയവും എം ശിവശങ്കരപ്പിള്ള അനുശോചനപ്രമേയവും അവതരിപ്പിച്ചു. സ്വാഗതസംഘം സെക്രട്ടറി പി കെ ജോൺസൺ സ്വാഗതം പറഞ്ഞു. മുതിർന്ന നേതാവ് പി കെ ഗുരുദാസൻ പങ്കെടുത്തു.

സംസ്ഥാന കമ്മിറ്റിഅംഗം എസ് ജയമോഹൻ, രഞ്ജു സുരേഷ്, ആർ ശ്രീനാഥ് എന്നിവർ ഉൾപ്പെടുന്ന പ്രസീഡിയം സമ്മേളന നടപടിക്രമങ്ങൾ നിയന്ത്രിക്കുന്നു. ജില്ലാ സെക്രട്ടറി എസ് സുദേവൻ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചയ്ക്കുശേഷം പൊതുചർച്ച ആരംഭിച്ചു. ചർച്ച ശനിയാഴ്ചയും തുടരും.

സിപിഐ എം കേന്ദ്രകമ്മിറ്റി അംഗങ്ങളായ ടി പി രാമകൃഷ്ണൻ, കെ എൻ ബാലഗോപാൽ, പുത്തലത്ത് ദിനേശൻ, സി എസ് സുജാത, സംസ്ഥാന സെക്രട്ടറിയറ്റ് അംഗങ്ങളായ എം സ്വരാജ്, കെ കെ ജയചന്ദ്രൻ, എം ബി രാജേഷ് എന്നിവർ പങ്കെടുക്കുന്നു.

ശനി വൈകിട്ട് അഞ്ചിന് ബഹുജനറാലി. തുടർന്ന് വി എസ് അച്യുതാനന്ദൻ നഗറിൽ (കൊട്ടാരക്കര അമ്പലക്കര മൈതാനം) ചേരുന്ന പൊതുസമ്മേളനം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനംചെയ്യും.

बैंक ऑफ़ बड़ौदा Bank of Baroda
എറണാകുളം നോർത്ത് ശാഖ
PB No 2001, 39/637A, ബാനർജി റോഡ്, എറണാകുളം - 682018, Phone 91 0484 2351936, 2365264, 2366264, Email ernpor@bankofbaroda.com
Website www.bankofbaroda.com

സ്ഥാവര വസ്തുവിനെ സംബന്ധിച്ച ലേല വിൽപന നോട്ടീസ്

[illegible]

1 വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: 1) M/s ഷർലെൻ എന്റർപ്രൈസസ് [illegible]

കരുതൽ വില	നിരതദ്രവ്യം	ലേല വർധന തുക
രൂപ 76,00,000/-	രൂപ 7,60,000/-	രൂപ 1,00,000/-

2 വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: 1) M/s ഷർലെൻ എന്റർപ്രൈസസ് [illegible]

കരുതൽ വില	നിരതദ്രവ്യം	ലേല വർധന തുക
രൂപ 45,00,000/-	രൂപ 4,50,000/-	രൂപ 1,00,000/-

വസ്തു പരിശോധനാ തീയതിയും സമയവും: 27-11-2026 ന് രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ
ഇ - ലേല വിൽപന തീയതിയും സമയവും: 30-11-2026 ന് ഉച്ചയ്ക്ക് 2.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ

[illegible] https://www.bankofbaroda.bank.in/e-auction.htm [illegible] https://baanknet.com [illegible] ഫോൺ: 0484 2351936, മൊബൈൽ: 9446899838. [illegible]

തീയതി: 16/10/2026
സ്ഥലം: എറണാകുളം
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ & ചീഫ് മാനേജർ, ബാങ്ക് ഓഫ് ബറോഡ